മംഗളം

2017 ഡിസംബർ 8

## ■ മലബാർ സിമെന്റ്സ് അഴിമതി

# വിജിലൻസ് അന്വേഷണം തുടരും

■ ജെബി പോൾ

കൊച്ചി

മലബാർ സിമെന്റ്സ് മുൻ എം.ഡി: കെ. പത്മകുമാറടക്കമുള്ള ഉദ്യോഗസ്ഥർക്കെതിരേ വിജിലൻസ് അന്വേഷണം തുടരും. നാലു വിജിലൻസ് കേസുകൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ നൽകിയ ഹർജി പത്മകുമാർ പിൻവലിച്ചതിനെത്തുടർന്നാണിത്. ഹർജി തള്ളിപ്പോകുമെന്ന സാഹചര്യത്തിലാണു പിൻവലിച്ചത്.

25.63 കോടി രൂപയുടെ അഴിമതിയാണ് ആരോപിക്കപ്പെടുന്നത്.

സിമെന്റ് ഡീലർമാർക്കു ഡിസ്കൗണ്ട് നൽകിയതിൽ 2.7 കോടി രൂപയുടെ നഷ്ടംവരുത്തിയെന്ന കേസാണ് ആദ്യത്തേത്. പ്രതികൾക്കു താൽപര്യമുള്ള ഡീലർമാർക്കു കൂടുതൽ ഡിസ്കൗണ്ട് കൊടുത്തെന്നാണു കേസ്. കെ. പത്മകുമാറും ഡെപ്യൂട്ടി മാനേജർ (മാർക്കറ്റിങ്) നമശിവായവുമാണു പ്രതികൾ.

അസംസ്കൃത വസ്തുവായ ക്ലിങ്കർ ഡൈ രാജ്യത്തുള്ളതിനേക്കാൾ കൂടുതൽ നിരക്കിൽ ഇറക്കുമതി ചെയ്തതിലൂടെ കമ്പനിക്ക് 5.49 കോടി രൂപ നഷ്ടം വന്നെന്നു വിജിലൻസ് കണ്ടെത്തിയിരുന്നു.

ഈ കേസിൽ എം.ഡി. പത്മകുമാർ, ഡെപ്യൂട്ടി ജനറൽ മാനേജർ (മാർക്കറ്റിങ്) നമശിവായം, മാനേജർ (ഫിനാൻസ്) നരേന്ദ്രനാഥൻ, ഡെപ്യൂട്ടി മാനേജർ (എൻജിനീയറിങ്) മുരളീധരൻ, ദുബായ് ആസ്ഥാനമായുള്ള മണപ്പാട്ട് ഗ്രൂപ്പ് കമ്പനി ചെയർമാൻ അമർ അഹമ്മദ് എന്നിവരാണു പ്രതികൾ. തമിഴ്നാട്ടിലും ആന്ധ്രയിലും മറ്റും അസംസ്കൃത വസ്തു ലഭ്യമായിട്ടും വിദേശത്തു നിന്നു വാങ്ങുകയായിരുന്നു.

വെയർഹൗസിങ് കോർപറേഷനുമായുള്ള സിമെന്റ് വിതരണ കരാർ നിർത്തലാക്കി പകരം പുതിയ ഡീലർമാരെ ഏൽപ്പിച്ചതുവഴി മലബാർ സിമെന്റ്സിനു 2.03 കോടി രൂപ നഷ്ടമുണ്ടാക്കിയെന്നതാണു മൂന്നാമത്തെ കേസ്. കരാർ ഒഴിവാക്കിയപ്പോൾ നഷ്ടപരിഹാരമായി നൽകേണ്ടിവന്ന തുകയാണിത്. ഈ കേസിൽ പത്മകുമാറിനെ കൂടാതെ ഡെപ്യൂട്ടി മാനേജർ (മാർക്കറ്റിങ്) വേണുഗോപാലും പ്രതിയാണ്.

MALABAR CEMENTS LTD (A Govt. of Kerala Undertaking)

സിമെന്റ് നിർമാണത്തിനായി ഡ്രൈ ഫ്ളൈ ആഷ് വാങ്ങിയതിൽ 14.49 കോടി രൂപയുടെ ക്രമക്കേടു നടന്നതായാണു കണ്ടെത്തൽ. ഈ കേസിൽ കോയമ്പത്തൂരിലെ എ.ആർ.കെ. വുഡ് ആൻഡ് മെറ്റൽസ് കമ്പനിയുമായി കരാറുണ്ടാക്കിയാണ് അഴിമതി നടത്തിയതെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു. ഗുണനിലവാരം കുറഞ്ഞ ഡ്രൈ ഫ്ളൈ ആഷ് മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ വില നൽകി വാങ്ങിയതിൽ 90.32 ലക്ഷം രൂപയുടെ നഷ്ടം കമ്പനിക്കുണ്ടായി. ഈ കേസിൽ ഒന്നാംപ്രതി മലബാർ സിമന്റ്സ് മുൻ എം.ഡി. സുന്ദരമൂർത്തിയും രണ്ടാംപ്രതി പത്മകുമാറുമാണ്. വിജിലൻസിന്റെ എഫ്.ഐ.ആർ. റദ്ദാക്കി തന്നെ സർവീസിൽ പുനഃപ്രവേശിപ്പിക്കണമെന്നായിരുന്നു പത്മകുമാറിന്റെ ആവശ്യം. എന്നാൽ അന്വേഷണം തുടരാമെന്നും 20 ദിവസത്തിനകം പത്മകുമാറിനെ സർവീസിൽ പുനർനിയമിക്കണമെന്നും കോടതി നിർദേശിച്ചു.

## നാലംഗ സംഘത്തിന്റെ ഇടപാടുകൾ അന്വേഷിക്കും

കൊച്ചി: കെ. പത്മകുമാർ എം.ഡിയായിരിക്കെ മലബാർ സിമെന്റ്സുമായി ബന്ധപ്പെട്ട പല കാര്യങ്ങളും നിയന്ത്രിച്ചതു നാലംഗ സംഘമായിരുന്നുവെന്നതാണു വിജിലൻസ് കണ്ടെത്തൽ. ഇവരുടെ പല നിർദേശങ്ങളും എം.ഡി. വേണ്ടത്ര പരിശോധനയില്ലാതെ അംഗീകരിച്ചതായി കണ്ടെത്തിയിരുന്നു. ഭരണവിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥൻ അവധി ദിവസങ്ങളിൽപോലും ഓഫീസിലെത്തി നടപടികൾ നിയന്ത്രിച്ചിരുന്നതായി അന്വേഷണ ഉദ്യോഗസ്ഥർക്കു വിവരം കിട്ടിയിരുന്നു.

കമ്പനി സെക്രട്ടറിയായിരുന്ന ശശീന്ദ്രന്റെ മരണത്തിനു ശേഷം കമ്പനിയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ഓഫീസർമാരുടെ സംഘടന രണ്ടായി. ഒരു വിഭാഗം അഴിമതി അവസാനിപ്പിക്കണമെന്ന ശക്തമായ നിലപാടുമായി രംഗത്തെത്തി. നാലംഗസംഘം രണ്ടുചേരിയിലുമല്ലാതെ നിന്നു. ഇവർ പിന്നീട് എം.ഡിയുടെ ഓഫീസിൽ ശക്തമായ സ്വാധീനം ഉണ്ടാക്കിയെടുത്തു. പത്മകുമാറിന്റെ അറസ്റ്റിനു ശേഷം അദ്ദേഹം വിജിലൻസിനു നൽകിയ മൊഴിയിൽ ഇവരിൽ ചിലരുടെ നീക്കങ്ങളെക്കുറിച്ച് സൂചിപ്പിച്ചിരുന്നു.

എം.ഡി സ്ഥലത്തില്ലാത്തപ്പോൾ നാലംഗസംഘം സ്ഥാപനത്തിന്റെ ദൈനംദിനകാര്യങ്ങളിൽ ഇടപെട്ടിരുന്നുവെന്നാണു വിജിലൻസ് റിപ്പോർട്ട്. സിമെന്റിന്റെ വില, നിലവാരം, സ്ഥാപനത്തിനുണ്ടായ നഷ്ടം എന്നിവ സംബന്ധിച്ച പല രേഖകളും മാറ്റിയതായി വിജിലൻസ് സംശയിക്കുന്നു. എം.ഡിയുടെ ലാപ്ടോപ് ഈ സംഘം ദുരുപയോഗം ചെയ്തതായും സൂചനയുണ്ട്. ഒരു ജീവനക്കാരനെ സസ്പെൻഡ് ചെയ്തതിന്റെ ഉത്തരവിന്റെ കോപ്പി സ്ഥാപനവുമായി നേരിട്ട് ബന്ധമില്ലാത്ത ഒരു പ്രമുഖന്റെ ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചതായും കണ്ടെത്തിയിരുന്നു.